**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3614** **12-03-2025 - ൽ മറുപടിയ്ക്ക്**

**മഹാത്മാഗാന്ധി സർവ്വകലാശാലയിലെ അസിസ്റ്റന്റ് ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മഹാത്മാഗാന്ധി സർവകലാശാലയിലും അനുബന്ധ സ്ഥാപനങ്ങളിലുമായി 2024 ജനുവരി മുതൽ നാളിതുവരെ ഏതെങ്കിലും യൂണിവേഴ്സിറ്റി അസിസ്റ്റന്റ് തസ്തികകൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്യപ്പെടാതെയുണ്ടോ; എങ്കിൽ എത്ര; വിശദമാക്കാമോ; | (എ) | അസിസ്റ്റന്റ് തസ്തികയിൽ 01.06.2024 വരെ ഉണ്ടായിട്ടുള്ള ഒഴിവുകളിൽ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായിട്ടുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിനു ശേഷം, വിരമിക്കലിന് ആനുപാതികമായി ഉണ്ടായിട്ടുള്ള 13 ഒഴിവുകൾ സിൻഡിക്കേറ്റിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. |
| (ബി) | 2025 ജനുവരി 1 മുതൽ 2025 ഡിസംബർ 31 വരെ യൂണിവേഴ്സിറ്റി അസിസ്റ്റന്റ് തസ്തികയിലെ എത്ര പ്രതീക്ഷിത ഒഴിവുകളാണ് പ്രസ്തുത സർവ്വകലാശാലയിൽ നിന്ന് പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യാനുള്ളതെന്ന് അറിയിക്കുമോ; | (ബി) | പ്രതീക്ഷിത ഒഴിവുകൾ 34 എണ്ണമുണ്ട്. |
| (സി) | 09.12.2024 ലെ സർക്കാർ ഉത്തരവ് (നം.) ഉപ.സി3/200/2024/പി&എ.ആർ.ഡി. പ്രകാരം 2025-ലെ എല്ലാ മുൻകൂർ ഒഴിവുകളും 2024 ഡിസംബർ 25-ന് മുമ്പ് പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശം മഹാത്മ ഗാന്ധി സർവകാലാശാലയിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (സി) | മഹാത്മാഗാന്ധി സർവ്വകലാശാലയിൽ 2025 കലണ്ടർ വർഷത്തിൽ ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച തീരുമാനം എടുക്കേണ്ടത് സർവ്വകലാശാല സിൻഡിക്കേറ്റാണ്. ഈ വിഷയം നിലവിൽ ടി സമിതിയുടെ പരിഗണനയിലാണ്. |
| (ഡി) | 2024 ജനുവരി 1 മുതൽ 2024 ഡിസംബർ 31 വരെയുള്ള കാലയളവിലെ യൂണിവേഴ്സിറ്റി അസിസ്റ്റന്റ് ഒഴിവുകൾ ദീർഘകാല അവധി/ഡെപ്യൂട്ടേഷൻ എന്നിവയ്ക്ക് വേണ്ടി മാറ്റിവച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ